"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ മേലടി ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ ശ്രീ.ജാഫർ എൻ.എം-ന് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ തസ്തികയിൽ, വയനാട് തരിയോട് ഗവ. ഹയർസെക്കന്ററി സ്കൂളിൽ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.3098/2024/GEDN തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 2022/2024/പൊ.വി.വ. തീയതി 12.03.2024
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 12.04.2024-ലെ എഡി.ഡി3/282663/2023/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മേലടി ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ ശ്രീ.ജാഫർ എൻ.എം-ന് (PEN 446397) പരാമർശം (1) പ്രകാരം ഗവ. ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ തസ്തികയിൽ എച്ച്.എം/എ.ഇ.ഒ. കാറ്റഗറിയിൽ നിന്നും ക്രമ നം. 40 ആയി സ്ഥാനക്കയറ്റം നൽകിയിരുന്നു. എന്നാൽ എച്ച്.എസ്.എസ്.റ്റി. ബോട്ടണി സീനിയർ തസ്തികയിൽ ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ നിയമനം നൽകിയിരുന്നില്ല.

2) 2024 വർഷത്തെ റിട്ടയർമെന്റ് മുഖേന നിലവിൽ എച്ച്.എസ്.എസ്.റ്റി. ബോട്ടണി തസ്തികയിൽ ഒഴിവുകൾ ഉള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) മേൽസാഹചര്യത്തിൽ നിലവിൽ കോഴിക്കോട് മേലടി ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ ആയി തുടരുന്ന ശ്രീ. ജാഫർ എൻ.എം-ന് വയനാട് തരിയോട് ഗവ. ഹയർസെക്കന്ററി സ്കൂളിൽ (12005) പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DILEEP.S.M
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ജാഫർ എൻ.എം (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ (പൊ.വി.വ-സി2/97/2024-പൊ.വി.വ)

ഉത്തരവിൻ പ്രകാരം
Signed by
Raseena R A
Date: 09-05-2024 14:27:34

പകർപ്പ് -ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്